# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4482 17.12.2014-ൽ മറുപടിക്ക്

## ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ .ഖാദർ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കുവാൻ കഴിയുന്നവിധം ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) കേരള വാട്ടർ അതോറിറ്റി കൂടുതൽ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന ഒന്നിലധികം പഞ്ചായത്തുകൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സമഗ്ര കുടിവെള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്. എന്നിരുന്നാലും ഇതര സ്രോതസ്സ കളുടെ അഭാവത്തിൽ ജല ദൗർലഭ്യം നേരിടുന്ന ഗ്രാമ പഞ്ചായ ത്തുകളിൽ കേരള ജല അതോറിറ്റി ചെറുകിട കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാറുണ്ട്.<br>ജലനിധി കൂടുതലും ചെറുകിട ജല വിതരണ പദ്ധതികളാണ് പഞ്ചായത്തുകളിൽ നടപ്പാക്കുന്നത് |
| (ബി) ചുരുങ്ങിയ ചെലവിൽ കൂടുതൽ വീടുകളിൽ ശുദ്ധജലമെത്തിയ്ക്കുവാൻ സാധിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമിന് ഒരു പൊതുമാതൃക ആവിഷ്കരിച്ച് നൽകുവാൻ വകുപ്പ് തയ്യാറാകുമോ; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് വിവിധ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അഭിലഷണീയമായ ഭൂപ്രകൃതിയിൽ കുറഞ്ഞ ചെലവിൽ ആവശ്യമായ സ്ഥല ലഭ്യത, വേണ്ടത്ര ജലത്തിന്റെ ലഭ്യത, ഗുണനിലവാരം (വിവിധ രാസപദാർത്ഥങ്ങളുടെ മിതമായ അളവ്) എന്നിവയുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ ശുദ്ധീകരണ രീതികൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ പദ്ധതികൾ നിർവ്വഹി ക്കാവുന്നതാണ്.<br>ഗുണഭോക്തൃ സമിതികൾ തിരഞ്ഞെടുക്കുന്ന പ്രാദേശിക സ്രോതസ്സിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവ് |

അടിസ്ഥാനമാക്കി പരമാവധി ഗുണഭോക്താക്കളെ ഉൾ പ്പെടുത്തി, പൈപ്പ് ലൈനുകൾ വഴി വീടുകളിൽ കടിവെള്ളം എത്തിക്കുന്ന ചെറുകിട പദ്ധതികളാണ് ജലനിധി കൂടുതലായും നടപ്പിലാക്കി വരുന്നത്.

(സി) സർക്കാർ നേരിട്ട് നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികളുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കേരള ജലഅതോറിറ്റിയുടെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ വഴി ഏകദേശം 149 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നുണ്ട്.

2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ 112 ഗ്രാമ പഞ്ചായത്തുകളിലായി 10.56 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചു. 2012-17 കാലയളവിൽ നടപ്പിലാക്കുന്ന രണ്ടാംഘട്ട പദ്ധതിയിൽ 11.5 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിൽ 30.11.2014 വരെ 79,777 ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകുകയുണ്ടായി.

ഡി) ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഡി) കേരള ജല അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 24.89 |
| 2 | കൊല്ലം | 11.93 |
| 3 | പത്തനംതിട്ട | 7.01 |
| 4 | ആലപ്പുഴ | 2.70 |
| 5 | കോട്ടയം | 8.49 |
| 6 | ഇടുക്കി | 3.33 |
| 7 | എറണാകുളം | 32.49 |
| 8 | തൃശ്ശൂർ | 18.00 |
| 9 | പാലക്കാട് | 10.14 |
| 10 | മലപ്പുറം | 17.16 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 7.48 |
| 12 | വയനാട് | 1.88 |
| 13 | കണ്ണൂർ | 1.27 |
| 14 | കാസർ ഗോഡ് | 2.12 |
| | ആകെ | 148.89 |

ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശം

| ക്രമ നം | ജില്ല | ജലനിധി ഒന്നാം ഘട്ടം | ജലനിധി രണ്ടാം ഘട്ടം |
|---|---|---|---|
| 1 | തിരുവനന്തപുരം | 17,638 | 2,358 |
| 2 | കൊല്ലം | 1,11,581 | -- |
| 3 | പത്തനംതിട്ട | 13,206 | 2,478 |
| 4 | ആലപ്പുഴ | -- | -- |
| 5 | കോട്ടയം | 22,690 | 17,998 |
| 6 | ഇടുക്കി | 14,852 | 9,596 |
| 7 | എറണാകുളം | 11,964 | -- |
| 8 | തൃശ്ശൂർ | 1,52,737 | 1,856 |
| 9 | പാലക്കാട് | 1,98,637 | 6,330 |
| 10 | മലപ്പുറം | 2,70,914 | 3,903 |
| 11 | കോഴിക്കോട് | 1,49,500 | 12,048 |
| 12 | വയനാട് | 40,718 | 2,836 |
| 13 | കണ്ണൂർ | 27,869 | 5,622 |
| 14 | കാസർ ഗോഡ് | 23,797 | 14,752 |
| | ആകെ | 10,56,103 | 79,777 |

സെക്ഷൻ ഓഫീസർ